<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5258**</u> <u>**14-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**ഭവനനിർമ്മാണ ബോർഡിന് സർക്കാരിൽ നിന്നും സഹായം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭവനനിർമ്മാണ ബോർഡിന് സർക്കാരിൽ നിന്നും ഏതൊക്കെ ഇനത്തിലാണ് സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഭവന നിർമ്മാണ ബോർഡിന് ഗ്രാന്റ് ഇൻ എയ്ഡ് എന്ന ഇനത്തിലാണ് സഹായം ലഭിക്കുന്നത്. നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് 85.65 ലക്ഷം രൂപയാണ്. |
| (ബി) | സംസ്ഥാന സർക്കാർ ഭവനനിർമ്മാണ വകുപ്പിന് നിലവിൽ എത്ര തുക കൈമാറാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ ഇനത്തിലാണ് ഇപ്രകാരം തുക നൽകാനുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ദുർബല വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതി തള്ളിയ വകയിൽ 229.16 കോടി രൂപ കൂടി സംസ്ഥാന സർക്കാർ നൽകുവാനുണ്ട്. ഈ തുക വിതരണം ചെയ്യുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ